# Ganapathy.

Vallathol.

Digitized By Kerala Sahitya Akademi

ശ്രീ

# ഗണപതി

ഗ്രന്ഥകൎത്താ:

വള്ളത്തോൾ നാരായണമേനോൻ.

൨-ാംപതിപ്പ്

കുന്നംകുളം

"അക്ഷരരത്നപ്രകാശിക" പ്രസ്സ്.

൧൦൯൮.

വില ൪—ണ.

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിന്റെ

# മുഖവുര

എല്ലാ മംഗളകർമ്മങ്ങൾക്കും ആദ്യത്തിൽ ഒരു "ഗണപതിപൂജ" അത്യാവശ്യമാണെന്നു വെച്ചിട്ടുണ്ടല്ലോ. പുസ്തകങ്ങൾക്കു മുഖവുരയും ഇപ്പോൾ ഏകദേശം ആ കൂട്ടത്തിൽ തന്നെയായിരിക്കുന്നു. എന്നാൽ പ്രകൃതത്തിൽ അതു രണ്ടും കൂടി ഒന്നായിത്തന്നെ കഴിയുന്നതാണ്.

'ഗണപതി'യുടെ മാഹാത്മ്യം വെളിപ്പെടുത്താൻ ഇവിടെ ഒരു ശ്രമവും ചെയ്യേണ്ടതായിട്ടില്ല. എങ്കിലും, അലങ്കാരനിഷ്കർഷ കൂടാതെ സൃഷ്ടിയിലുള്ള സൌഷ്ഠവവും രസപരിപൂർത്തിയുമുള്ള ഒരു കൃതി കണ്ടാൽകൊള്ളാമെന്നുള്ള എന്റെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് ഈ 'ഗണപതി' അവതരിച്ചിരിക്കുന്നതെന്നു മാത്രം എനിക്കൊന്നു പറയാനുണ്ട്. ഈ ഒരു കാര്യം സവിശേഷം സാധിച്ചിട്ടുണ്ടെന്നുള്ളതിലേക്കു 'ഗണപതി'യുടെ അകൃത്രിമമായ സൌന്ദര്യം തന്നെയാണ് എനിക്കുള്ള ലക്ഷ്യം. എന്നാൽ, സ്വഭാവോക്തി മുതലായ ചില നല്ല അലങ്കാരങ്ങൾ ഇനിയും ഇതിൽ വന്നുപോയിട്ടുണ്ടെങ്കിൽ, അതിന്നു, കവിയുടെ വാസനാവൈഭവത്തെ തന്നെ കുററപ്പെടുത്തേണ്ടതുമാണ്.

Digitized By Kerala Sahitya Akademi

ഇതു, 'ഗണപതി'യുടെ ആദ്യത്തെ ആവിർഭാവമല്ല; മുമ്പു കൌമുദിയിൽകൂടി രണ്ടു ഭാഗമായി പ്രകാശിച്ചുകണ്ടിരുന്ന ആ ഒരാനന്ദമൂർത്തി തന്നെയാണ് ഇപ്പോൾ പരിപൂർണ്ണമായ രൂപത്തിൽ ഇവിടെ പ്രത്യക്ഷമായിരിക്കുന്നത്. ഭക്തിയുള്ളവർ സേവിച്ചാൽ, ഈ 'ഗണപതി' ഇഷ്ടസിദ്ധിവരുത്തുകയും ചെയ്യും.

മറെറാരു സംഗതി നോക്കിയാലും, വള്ളത്തോൾ നാരായണമേനോനവർകളുടെ ഈ കൃതിക്ക, 'ഗണപതി' എന്ന പേർ വളരെ ഉചിതമായിട്ടുണ്ട്. അദ്ദേഹത്തിന്റെ വകയായി ഉടനെ പുറപ്പെടുവാനിരിക്കുന്ന "ചിത്രയോഗം" എന്ന മഹാകാവ്യത്തിന്ന ഇതു വാസ്തവത്തിൽ ഒരു 'ഗണപതി കഴിച്ച'താണെന്നു കൂടി മഹാജനങ്ങളെ അറിയിച്ചുകൊള്ളട്ടെ.

കോട്ടയ്ക്കൽ,
വൃശ്ചികം ൧൦൮൮ } പി. വി. കൃഷ്ണവാരിയർ.

Digitized By Kerala Sahitya Akademi

ശ്രീ

# ഗണപതി*

ശീതളാചലകുമാരിയെപ്പുരാ
ചൂതബാണരിപു വേട്ടു ശങ്കരൻ
ശ്വേതശൈലനിലയത്തിലങ്ങു ഗണോ-
പേതനായ് പുക്കു മടങ്ങിയെത്തിനാൻ. ൧

ബാലയാം പ്രിയയിൽ നാണമാം തിര-
ശ്ശീലകൊണ്ടു മറവാർന്ന കാമനെ
ലോലനായഥ വെളിപ്പെടുത്തുവാൻ
ലീലയാ തുനികയായ് മഹാനടൻ. ൨

നീരദാഭഗളനേകദാ, ഗുണോ-
ദാരയാമുമ കുളിച്ചിടും വിധൌ,
ദ്വാരപാലനെയനാദരിച്ചു തൻ-
ദാരസത്മനി കടന്നു ചെന്നുതേ. ൩

മജ്ജനോചിതമനോജ്ഞവേഷയാ-
മജ്ജഗജ്ജനനി ഭർത്തൃദർശനാൽ,
സജ്ജമാർ സഖികളും സംഭ്രമിച്ചവേ
ലജ്ജ പൂണ്ടു വിലയിച്ചു തങ്കലേ. ൪

---

* ശ്രീമഹാശിവപുരാണത്തിൽനിന്ന്.

Digitized By Kerala Sahitya Akademi

വെണ്ണ തോൽക്കുമുടലിൽസ്സുഗന്ധിയാ-
മെണ്ണ തേച്ച്,രയിലൊററ മുണ്ടുമായ്
തിണ്ണമേലതുലമാനന്ദാർദ്ദ്രഗി മു-
ക്കണ്ണനേകി മിഴികൾക്കൊരുത്സവം. ൬

ആ വിഭൂഷണവിയുക്തഗാത്രിയാം
ദേവി നിസ്തുലനിസർഗ്ഗകാന്തിയെ
ത്തൂവി നിൽക്കുമഴകന്നു കണ്ടു ത-
ജ്ജീവിതേശനു കുളിർത്തു മാനസം. ൭

ആക്കട്ടം ത്രപ പൊറാഞ്ഞു ചണ്ഡി, ചെം-
ച്ചുക്കടാക്ഷമുനയൊന്നലച്ചുടൻ
തക്കപോല,സമയത്ത ഗാരമൂം-
പ്പൂക്ക ദേവനെ വെളിയ്ക്കിറക്കിനാൾ. ൮

കുന്നിൻമാതഥ മണാളനീ നില-
യ്ക്കിന്നി മേലസമയത്തൊരിക്കലും
വന്നിടായ്‌വതിനു വേണ്ട കൃത്യമെ-
ന്തെന്നിതോർത്തു നിജതോഴിമാരുമായ്. ൯

“അന്തഃകാരിയുടെ ദ്വാരരക്ഷയും
ഹന്ത! നമ്മളുടെ തന്നെയെങ്കിലും
സ്വന്തമായൊരുവനിങ്ങു വേണ,മ-
ത്യന്തനിഷ്ഠയൊടു വാതിൽ കാക്കുവാൻ”. ൰

Digitized By Kerala Sahitya Akademi

പേർത്തിതാളികളരക്ഷയാൽ, പ്രൗ-
ഢൂർത്തി പൂണ്ടൊരു പുമാനെയക്ഷണം
തീർത്തിതങ്ങു തിരുമെയ്യുഴക്കിയാ-
ലാർത്തിനാശിനി ജഗത്സവിത്രിയാം. ൧൦

പവ്യതോന്നതസ്ഥലണാങ്ഗകൻ,
പവ്യചന്ദ്രസുഭഗൻ, യുവാവവൻ
ദിവ്യഹാദ്ഭുതകുതൂഹലങ്ങളു-
ള്ളുൾദാരസഖിമാർക്കു നൽകിനാൻ. ൧൧

ദേവി തന്നെയണിയിച്ച പൊന്മണി-
ത്തൂവിഭൂഷണവരാംബരാദിയാൽ
ആ വിശിഷ്ടപുരുഷന്റെ മെയ്യിലെ-
ശ്രീവിലാസമൊരു നൂറിരട്ടിയായ്. ൧൨

അമ്മഹാത്മജനെയങ്കസീമ്നി ചേ-
ർത്തമ്മ മൂർദ്ധനി മുകർന്നു മേൽക്കുമേൽ
സമ്മദോൽപുളകഗാത്രിയായ്പ്പുണർ-
ന്നമ്മവെച്ചു ചിരമോമനിച്ചുതേ. ൧൩

കാരുണീമയി, മൃഡാനി പിന്നെയാ-
പ്പൂരുഷപ്രവരനോടിതോതിനാൾ :—
"ചാരുരൂപ, മമ പുത്ര, നീയൊഴി-
ഞ്ഞാരുമില്ലിഹ മദാജ്ഞ കേൾക്കുവാൻ. ൧൪

Digitized By Kerala Sahitya Akademi

ധീരനായനിശമപ്രമത്തനായ്
ദ്വാരപാലനമിഹാചരിക്ക മേ;
സൈ്വരമെന്റെ മജ്ജനമാകിമാറ്റിടാ-
താരടുക്കിലുമകത്തു കേററാലാ." ൧൫

സാരമായ്ജ്ജനനി ചൊന്നതാനതാ-
കാരനായ്ത്തലയിലേററ പുത്രനെ
ദ്വാരപാലനവിധിക്കു നിർത്തിനാൾ,
ക്രൂരപ്പൊന്നഥ കൊടുത്തു പാർവ്വതി. ൧൬

കാരണാത്മിക കൊടുത്ത കാഞ്ചന-
ച്ചൂരൽമുദ്രയെ വഹിച്ചുകൊണ്ടവൻ
പാരമേശരമണീമണീഗൃഹ-
ദ്വാരസീമനി വിളങ്ങിനാൻ സദാ. ൧൭

വന്നു തിങ്ങിയ കുതൂഹലേന, പി-
ന്നെറന്നുമീശ്വരി കുളിപ്പൊരുങ്ങവേ
ചെന്നു ധൂർജ്ജടി, തലേട്ടിനം കറ-
ഞ്ഞൊന്നു കണ്ട പുതുകാഴ്ച കാണുവാൻ. ൧൮

വാരണാന്തകനകത്തു പുകുവാൻ
പാരമുത്സുകത പൂണ്ടടുക്കവേ,
ആരതെന്നു ധരിയാതെ, നൂതന-
ദ്വാരപാലകനവൻ വിലക്കിനാൻ. ൧൯

Digitized By Kerala Sahitya Akademi

ത്തു വിലാസപരനാം മഹേശനാ-
ട്ടാവിലാശയത പൂണ്ടു ചൊല്ലിനാൻ:—
"നീ വിലക്കിടുവതാരെയാണെടോ!
ദേവിതൻപ്രിയതമൻ, പിനാകി ഞാൻ." ൧൦

ഹാരവാക്യമിതു കേൾക്കുമാ പ്രതീ-
ഹാരവീരനപശങ്കമോതിനാൻ:—
"നേരവും നിലയുമോർത്തിടാതുമാ-
ഗാരമെങ്ങിനെയണഞ്ഞിടും ശിവൻ! ൧൧

ശർമ്മ സമ്പ്രതി കളിക്കയാണു; തൽ-
സമ്മതത്തെ ലഭിയാതൊരിക്കലും
ഇമ്മണീഗൃഹമണഞ്ഞിടാവത-
ല്ലുമ്മഹേശ്വരനു,മെന്നു നിശ്ചയം. ൧൨

നില്ലു, നില്ലു, നില വിട്ടിടായ്ക; ഞാൻ
ചൊല്ലുമുക്തി വകവെച്ചിടാതെ നീ
മല്ലു കാട്ടിയണയുന്നതാകിലെ,ൻ-
തല്ലു കൊണ്ടു തല വിണ്ടുപോം ദൃഢം." ൧൩

ഗീരതത്ര ഗണിയാതുപാത്തധി-
ക്കാരനായ്ക്കയറമാ വൃഷാങ്കനിൽ
സ്ഫാരരോഷ,മുമ താൻ കൊടുത്ത പൊൻ-
ചൂരലൊന്നഥ മയക്കിനാനവൻ. ൧൪

൧൧. ഹാരവാക്യം ഹരസംബന്ധിയായ വാക്യം [ഹരന്റെ വാക്ക്].



Digitized By Kerala Sahitya Akademi

പൊട്ടുമെല്ലണികൾ പൂണ്ടു മാറിൽനി-
ന്നൊട്ടു താഴെയടി കൊണ്ടു പാട്ടമായ്
മട്ടു മാറിയ മഹേശനാ സ്ഥലം
വിട്ടു പോന്നിതു വിചിത്രചേഷ്ടിതൻ. ൧൨

ദ്വാരമെത്തി,യൊരിടത്തിരുന്നു, തൻ-
ഭൈരവാകൃതികളാം ഗണങ്ങളെ
ഗൌരശൈലപതി ചൊല്ലിവിട്ടിത-
ദ്വാരപാലനെയകററിനിൎത്തുവാൻ. ൧൩

പാരിലേവനുമധൃഷ്യരാകുമാ
വാരിജായുധവിമാഥികിങ്കരർ
ഗൌരിതൻ തനുജനോടു, തൽഗൃഹ-
ദ്വാരി ചെന്നു ചിലതോതിനോക്കിനാർ. ൧൪

കുന്നുകൊണ്ടുമൊരിളക്കമെന്നിയേ
നിന്നു, തൻനിലയിലംബികാസുതൻ;
ചെന്നു, തച്ചരിതമാഗ്ഗണങ്ങൾ പൊൻ-
കുന്നുവില്ലനൊടുണൎത്തിനാരുടൻ. ൧൫

ഫാലനേത്രനതുകേട്ടു രോഷ:മോ-
ദ്ദ്യോതനെക്കിമപി നീക്കിനിൎത്തുവാൻ
സ്ഥൂലദീൎഘഭുജർ നിങ്ങൾ ശക്തരാ-
ല്ലിവരെന്നിവിടെ വന്നു ചൊൽകയോ? ൧൬

Digitized By Kerala Sahitya Akademi

അങ്ങു നിങ്ങളൊരു കുഞ്ഞിനോടു തോ-
റ്റിങ്ങു പോന്ന നിലവായതത്ഭുതം !
തെങ്ങു പോലുയരുമീയുടൽക്കക-
ത്തെങ്ങുമെള്ളളവു നാണമില്ലയോ ?" ൩൦

ഈവക പ്രഭുവിനിന്ദനങ്ങൾ കേ-
ട്ടാവതോളമനബദ്ധലജ്ജരായ്
ശൈവപാരിഷദർ ചെന്നു വീണ്ടുമാ-
ക്കാവലാളൊടു കയർത്തു ചൊല്ലിനാർ :- ൩൧

"ആര,ഹമ്മതി മുഴുത്ത നീ? യിഹ
ഘോരപാപത ലഭിച്ചതെങ്ങിനെ ?
ദൂരവേ സപദി പോക നല്ലു, ദു-
ർവ്വാരവീര്യര,റികീശപാർഷദർ . ൩൨

ദേവദേവഗണമാണു നിസ്തുലെ-
ന്നേവമോർത്തു ദയ ചെയ്തു ഞങ്ങളെ
സാവഹേളമിഹ ധിക്കരിപ്പിതോ,
ജീവനാശമണയുന്നതിന്നു നീ ! ൩൩

പെട്ടുപോമപകടത്തിൽ, സ്ഥലം
വിട്ടു പോവതിനു താമസിക്കിൽ നീ,
വെട്ടുകത്തിയൊടു ഖേദമോർത്തുമീ
മട്ടു ഞങ്ങളിനി മാററിവെയ്ക്കയായ് ." ൩൪

Digitized By Kerala Sahitya Akademi

ധൃഷ്ടനാത്തരുണനോതി:—"യെന്തിനീ-
ക്ലിഷ്ടപോഷമിതിൽ ? ഞാനൊരിക്കലും,
വിഷ്ടപേശപരിയനജ്ഞനൽകിടാ-
തഷ്ടമൂർത്തിയെയുമിങ്ങു കേററിടാ. ൩൪

അത്ര കാവലിനു താൻ മൃഡാനിതൻ
പുത്രനായ്ജ്ജഗതി ജാതനായ ഞാൻ,
എത്ര ഭീഷണികൾ നിങ്ങൾ ചൊൽകിലും
വിത്രസിച്ചൊഴികയില്ല തെല്ലുമേ. ൩൫

ക്രൂരർ നിങ്ങളതിർ വിട്ടിനിച്ചെലാൽ-
ക്കാരമത്ര തുടരുന്നതാകിലോ,
വീരപദ്ധതിയിലുന്നിനില്പിനെൻ-
ചൂരലിൻചുണയറിഞ്ഞിടാം തദാ!" ൩൬

എന്നു ചൊല്ലുമഗജാതനൂജനെ,-
ച്ചെന്നു പാർഷദർ പിടിച്ചു തള്ളിനാർ;
നിന്നു, നിന്ന നിലയിൽസ്ഥിരിക്കുവൻ:
കുന്നു കാററടികളാൽക്കുലുങ്ങുമോ ? ൩൭

ശൂലിതൻഭടരവന്റെ ചൂരലാം
കോലിനാലടികൾ കൊണ്ടു മേനിയിൽ
തോലിരിഞ്ഞു, ചില ചൂടു വെച്ചു ക-
ന്നാലിതൻവടിവിലാക്കി മണ്ടിനാർ. ൩൮

Digitized By Kerala Sahitya Akademi

“ഗൗരിതൻതനുജനാകിലെന്തിവൻ
ഭോരി നില്ലത ;- കററകെന്നു താൻ
സൌരിസൂദനനയച്ച പാർഷദ-
ന്മാരിടച്ചിലൊടടുത്തു പിന്നെയും : ൪൦

ഓതിനാരവർ :- “ശിശോ, വൃഥാവിലീ-
വാതിൽ കാത്തുയിർ കളഞ്ഞിടൊല്ല നീ;
ഏതിനും പടുതയേന്തുമന്തകാ-
രാതിയാണതോ,ർമ്മ വെയ്ക്കണം !” ൪൧

എന്നുകേട്ടവനു,മിണ്ടു വേണ്ടതെ-
ന്തെന്നു തെല്ലിടയിളക്കമേല്ക്കവേ
വന്നരച്ചിതൊരു മാതൃദാസി മെ-
ല്ലെന്നു, ദേവിയുടെ പുത്രനോടിദം :- ൪൨

“കാര്യദക്ഷ, തനതാജ്ഞ കാപ്പതിൽ
സ്ഥൈര്യമിത്ര വെളിവാക്കമെങ്ങയെ
ഭൂര്യനുഗ്രഹസമിദ്ധനാക്കിയി-
ട്ടാര്യരായവരതുള്ളന്നു നന്ദിയാൽ :- ൪൩

“വത്സ, ഞാൻ മുദിതയായി, നിൻപ്രസൂ-
വത്സലത്വമിതുറച്ചു കാൺകയാൽ ;
ത്വത്സനാഥമധുനാ മമാലയം ;
മത്സരിച്ചിവർ ബലേന കേറൊലാ. ൪൪

---

൪൦ സൌരി=സൂരപുത്രൻ [യമൻ]

Digitized By Kerala Sahitya Akademi

പ്രത്യനീകപരിപീഡമൂലമീ
സ്സത്യസുസ്ഥിരത കൈവിടാല്ല നീ;
കൃത്യനിഷ്ഠ കുറയാതിരിപ്പതേ
നിത്യമങ്ഗളനിദാനമേവനും.'" ൪൰൫

പേശി, നമ്മവിരുതാളുമാളിമാർ
വാശി കേററിയ മഹേശിതൻമതം,
നാശിതാകുലമറിഞ്ഞു ഹർഷവാ-
രാശിയിൽത്തിരകളിച്ചു ബാലകൻ. ൪൰൬

കച്ച കെട്ടിയരയും മുറുക്കി, വ-
മ്പിച്ച കാലുകളുഴിഞ്ഞു കൈകളാൽ
ഉൾച്ചലിപ്പൊഴിയെ നിന്നു ചോട്ടുറ-
പ്പിച്ചവൻ പ്രമഥരോടു ചൊല്ലിനാൻ ൪൰൭

"കേണ്ടുകൊൾക, ഹരഭൃത്യർ നിങ്ങളു,മി-
ക്കൊണ്ടു ദേവി നിയമിച്ചൊരാളിവൻ,
രണ്ടു കക്ഷികളുമൊന്നുപോലെ;യെ-
ന്തുണ്ടു ഭേദ?—മധികാരവും സമം. ൪൰൮

നിങ്ങളീശനിലയാഗ്രപാലർ; ഞാ-
നിങ്ങപർണ്ണയുടെ വാതിൽ കാക്കുവോൻ;
മങ്ങൽ വിട്ടു വിശ്വാസനസ്ഥരായ്-
ത്തങ്ങൾതൻ മുറയെ നാം നടത്തണം. ൪൰൯

Digitized By Kerala Sahitya Akademi

ഇസ്ഥിതിയ്ക്കു,ഹ കരേറി നിങ്ങളീ-
ദ്ദുസ്ഥിതിയ്ക്കു തുനിയുന്നതെന്തുവൻ?
അസ്ഥിഭ്രഷ്ടഭടരെബ്ഭയപ്പെടു-
ന്നസ്ഥിരപ്രകൃതി ബാലനല്ല ഞാൻ. ൩൦

ഈ വിരുദ്ധവഴിയായി നിങ്ങളെൻ-
ദേവിതൻ ഗൃഹമണഞ്ഞിടാ ദൃഢം;
ജീവിതസ്പൃഹയിരിയ്ക്കിൽ, വിട്ടുപോയ്-
ക്കൊൾവിൻ,—നമിനിയോർക്കുകില്ല ഞാൻ!" ൩൧

ശൌര്യപത്രപയൊടാനതാസ്യരായ്-
സ്സൂര്യജാരിഭടർ പോന്നു വീണ്ടുമേ
ശൌര്യമുള്ള ഗിരിജാത്മജൻറയാ-
ചൈര്യമീശനെ നമിച്ചുണർത്തിനാർ. ൩൨

ശ്രീതുഷാരകരമൌലി ചൊല്ലിനാ-
നേ,—ത്തുമില്ലവനു കുസലൊന്നതോ?
പോർ തുടർന്നിട്ടവിനെങ്കിലങ്ങു ചെ-
ന്നു,—ത്തുമട്ടിലുരമൊഴിക്ക വയ്യിനി. ൩൩

ഉണ്ണിയാണു മലമാതിനെന്നതേ
ണ്ണി, നാമവനിലൊന്നടങ്ങിയാൽ
പെണ്ണിൻമല്ലാരു കളിക്കരങ്ങനെ-
ന്നെണ്ണിടും നിയതമെന്നെയാളുകൾ; ൩൪

Digitized By Kerala Sahitya Akademi

പ്രാണനാഥനിലുമിത്ര വാശി കാ-
ട്ടേണമെന്നു നിരൂപിച്ചതിൻ ഫലം
നാണമോടനുഭവിച്ചിടട്ടെ,യ-
ക്ഷീണഗർവ്വമഗേന്ദ്രനന്ദിനി!” ൩൩

എന്നു ഭർത്തൃമൊഴി കേട്ടു, കൈതവരി-
പ്പൊന്നു തീർപ്പതിനിടം കിടക്കയാൽ
ഒന്നുപോലുദിതഹർഷഭരവശം
ചെന്നമാത്മജനൊടേറ്റ പോരിനായ്. ൩൪

ദന്തകുന്ദളമരീചികൈതവാ-
ലന്തരുല്ലസിതസത്വലക്ഷ്മിയെ
ചന്തമോടു വെളിവാക്കിയായുവാ-
വന്തകാരിഭടരോടിതോതിനാൻ:- ൩൫

“വേഗ,മെന്നെ,യൊരു ബാലനെന്നന-
ദ്ദ്യോഗരായി വെടിയാതെ, കൌതുകാൽ
ഹാ, ഗണാഗ്ര്യരടരിന്നണഞ്ഞതിൽ
സ്വാഗതം സരസമോതിടുന്നു ഞാൻ! ൩൬

ധാരിതാസ്ത്രകലനല്ല, ദൈവതൽ ഞാൻ
പോരിനിന്നു പുതുതായ്ത്തുടങ്ങുവോൻ;
ഭൂരിശസ്ത്രബലരായ നിങ്ങളോ
പേരിയന്ന പടയാളിമൌലികൾ. ൩൭

Digitized By Kerala Sahitya Akademi

എങ്കിലും, ഹിതമിതോതുവൻ: ഭയാ-
ശങ്കിയല്ലി വലുതായ സൌഹൃദം?
ചങ്കിടച്ചിടവു,ദാരർ നിങ്ങളിൽ-
ത്തങ്കിടാത്ത പടി പോർ നടത്തുവിൻ. ൩൦

സന്നതാഖിലസുരാസുരേന്ദ്രയാ-
കുന്ന മജ്ജനനിതൻ മണാളനെ
ഇന്നശേഷഭടഹീനനാക്കി ഞാ-
നൊന്നു തൊറിവനു കൈവരുന്നതാലോ!” ൩൧

ഏവമോതിയ ശിവാത്മജനും
ദേവപാരിഷദരും പരസ്പരം
സാവലേപമഥ കൈതുടന്നുതേ,
ജീവലോകഭയദായകം രണം. ൩൨

പോരിതത്ര വലുതാണു; കാണുവാൻ
പോരികെ'ന്നു ദിവിഷജ്ജനങ്ങളെ
പൂരിതാംബരമിളക്കിവിട്ടിതാ-
ഭേ'രിശംഖമുരജാദിനിസ്സ്വനം. ൩൩

വട്ടമിട്ടു പരിപന്ഥിയെച്ചുഴ-
ന്നട്ടഹാസമുഖരീകൃതാശരായ്
പട്ടസം, പരശു, വാളു,ലക്ക, വേൽ
തൊട്ട ശസ്ത്രനിര തൂകി പാർഷദർ. ൩൪



Digitized By Kerala Sahitya Akademi

പെട്ടതില്ലുടലിലായുധോൽക്കരം
തൊട്ട പാടു,മഗജാത്മജന്നഹോ ;
തിട്ടമമ്മയുടെ തൃക്കടാക്ഷമാം
ചട്ടയിട്ടവനു വജ്രവും തൃണം ! ൩൪

ദ്വാരപാലതരുണന്റെ പൊന്നണി-
ച്ചൂരൽ ഭസ്മസിതശൈവസേനയിൽ
സ്വൈരലീലയൊടു ചിന്നി മിന്നിതേ :
ശാരദാഭ്രഭുവി കൊള്ളിമീൻപടി. ൩൫

ഭൂരിശക്തിമയഗാത്രയഷ്ടിയാം
ഗൌരി നൽകിയൊരു വേത്രയഷ്ടിയാൽ
പാരിൽ വീഴ്ത്തിയവനായുധച്ഛടാ-
മാരി തൂകിന മഹാഗണങ്ങളെ . ൩൬

നാക്കു തൂങ്ങി, നടു കൂന്നു, ചൂരലിൻ-
വീക്കു കൊണ്ടു തുറുകൺ മിഴിച്ചഹോ !
മൂക്കു പോയ് ദ്വിഗുണവൈകൃതാംഗരായ്
പോക്കു മുട്ടി വിഷമാക്ഷകിങ്കരർ. ൩൭

വീരനാമഗസുതാത്മജന്റെ പൊൻ-
ചൂരലേറ്റുടൽ മുറിഞ്ഞു, മേല്ക്കുമേൽ
ചോര വാർന്നു ശിവസേന പൂത്തുനി-
ല്ലോരശോകവനികയ്ക്കു തുല്യമായ് . ൩൮

Digitized By Kerala Sahitya Akademi

ശൈലജാവിഷയരോഷരക്തയായ് ,-
ശ്ശൂലഭൃജ്ജടയിൽനിന്നു ജാഹ്നവി
ലോലയായി വെളിയിൽപ്പതിച്ചു പോ-
ലാലസിച്ചൊഴുകി ചോരയാറുടൻ. ൬൦

മന്ദിതപ്രസരമായ് രണേ, പരാ-
സ്കന്ദി ശൈവബലമൊക്കയും ക്ഷണാൽ ;
നന്ദിയും തനതു നാഥനിൽപ്പെട്ടും
നന്ദി കാട്ടുവതിനന്നശക്തനായ്. ൬൧

ക്ഷീണരായ്ച്ചിലർ കിടന്നുഴന്നു ; നി-
ഷ്പ്രാണരായ്ബ്ഭുവി പതിച്ചു തെല്ലുപേർ ;
നാണമററ ചിലർ പാഞ്ഞൊഴിഞ്ഞു പൂ-
ബാണവൈരിപദമാശ്രയിച്ചതേ. ൬൨

ചൂരലിന്നുപരി ശൈവയോധർതൻ-
ചോര പററിയതിടത്തു കയ്യിനാൽ
വീരകേസരി തുടച്ചു നീക്കിയാ-
ധാരസീമ്നി നിലവായ് ശിവാസുതൻ. ൬൩

തൽക്ഷണം, ഹരി, വിരിഞ്ചി, ഭൂമിഭൃൽ-
പക്ഷഭേദി മുതലായ ദേവകൾ
ത്ര്യക്ഷസന്നിധിയണഞ്ഞു നമ്രരാ-
യക്ഷതാദരമിതൊന്നുണർത്തിനാർ :- ൬൪

Digitized By Kerala Sahitya Akademi

“ഐശ്വരമാജ്ഞയതാംകിലു പാർവ്വതീ-
ഠാര, ദേവ, തവ ദാസർ ഞങ്ങളിൽ;
ആരറിഞ്ഞിട്ടു?-മിതെന്തു ലീലയാ-
ണാരചിച്ചതു,തലീലനാം ഭവാൻ!” ൧൬

നീരജാസനനൊടിന്ദുചൂഡന-
ന്നേരമേവമരുൾചെയ്തു സസ്മിതം:-
“ദ്വാരപാലനൊരു ബാലനുണ്ടുമാ-
ഗാരസീമ്നി മരുവുന്നു ധൃഷ്ടനായ്. ൧൭

ഗേഹവേശനനിരോധിയാമവൻ
സാഹസപ്രിയനഖണ്ഡവിക്രമൻ
ആഹവത്തിലെതിരിട്ട മത്ഭട-
വ്യൂഹമുഖ്യരെ വിഭഗ്നരാക്കിനാൻ. ൧൮

സുപ്രശാന്തമതിയാകുമങ്ങു താൻ
ക്ഷിപ്രമാ സ്ഥലമണഞ്ഞു, നീതിയാൽ,
അപ്രമേയബലനാമവന്നു തെ-
ല്ലുൾപ്രസാദമുളവാക്കിടേണമേ.” ൧൯

എന്ന,നംഗമഥനന്റെ മഞ്ജുവാ-
കുന്ന വാക്കു നിശമിച്ചു പത്മജൻ
ചെന്നണഞ്ഞിതു മഹർഷിമാരുമൊ-
ത്ത,ന്നഗേന്ദ്രതനയാഗൃഹാന്തികേ. ൨൰

Digitized By Kerala Sahitya Akademi

മുമ്പിലെത്തിയ പിതാമഹന്റെ വെൺ-
കമ്പി പോലെ നെടുതായ താടിയെ
വെമ്പിയേററ പിടികൂടിനാൻ ബലാൽ
വമ്പിയന്ന ഗിരിജാകുമാരകൻ. ൭൦

„അരുത,രുത,നുകമ്പ്യ,നണൻ , ഞാൻ
ളുപാരുവതിനല്ല, ശമത്തിനായണഞ്ഞേതാൻ ;
പരുഷത കരുതായ്കിവങ്കലെ”ന്നായ്-
ത്തെരുതെരെ നാന്മുഖനാർത്തുകേണു പറഞ്ഞു. ൭൧

അകമെരിയുമജന്റെ പിമ്പു ഭീതി-
ത്തികവൊടു പറഞ്ഞു, ഹരാദ്രിധാതുഭൂവിൽ
വികലഗതി കമിഴ്ന്നു വീണ വൃദ്ധ-
ർഷികളുടെ താടികൾ ചായമിട്ട പോലായ്. ൭൨

അജനിലുമനയം തുടർന്ന ദേവ്യാ-
ത്മജനെ വധിപ്പതിനി,ദ്ധരോഷനീശൻ
നിജഗണനിയുതങ്ങളോടു കൂടേ
സജവമയച്ചു സുരപ്രജത്തെയെല്ലാം. ൭൩

ഭൂതപ്രേതപിശാചദേവപൃതന-
ക്കെല്ലാം പുരോഗാമിയായ്
സ്ഫീതശ്രീമധുമാഥി ചെല്ലുവതു ക-
ണ്ടാന്നോതി ദേവീസുതൻ:-

Digitized By Kerala Sahitya Akademi

മോൽ തങ്കേണ്ട; നിനക്കു തെല്ലുവകയാ-
    യെൻചൂരലേ! വൻചമൂ-
ഭ്രാന്തം മുഴെ വരുന്നതുണ്ടു, സുമഹാ-
    വിക്രാന്തി ചക്രായുധൻ." വൃ

ഷ്യാറം വീരൊട്ടു, വിഷ്ണുവിൻ പിറകിലായ്-
    ദേവാദിസൈന്യങ്ങൾ ചെ-
ന്നൊറ്റദ്രീന്ദ്രകുമാരികാതനയനിൽ-
    ത്തൂകുന്ന ശസ്ത്രോൽക്കരം,
ചീറ്റം ചേന്നിട്ടുമാറസംഭ്രമമവൻ
    വീശുന്ന വൻചൂരലിൻ-
കാറ്റങ്ങേറ്റു പറന്നുപോയ്, കരിയില-
    ക്കൂട്ടം കണക്കങ്ങസാ. വൃ

അറ്റം പെടാതെ,യതിഘോരമിരമ്പി,യെണ്ണ-
മറ്റസ്രുവീചികളുമേന്തിടുമമ്പുലത്തെ
ചൊറ്റല്ലു നീളെയുമിളക്കി മറിച്ചു ബാല-
നൊറ്റക്കു വാരിധിയെ മന്ദരമെന്നപോലെ, വൃ

ലോകാംബ തൽക്ഷണ,മസംഖ്യരിപുക്കൾ ചൂഴ-
മേകാകിയാം നിജസുതന്നടരിൽത്തുണപ്പാൻ
ഏകാന്തരോഷവശയായ് വിരചിച്ചയച്ചാ-
ളാകാരഭീഷണകളാമിരുദേവിമാരെ. വൃ

Digitized By Kerala Sahitya Akademi

കന്നൽക്കാർ താൻ , കരാളോന്നതതനുരുചിയാ-
ലൊന്നു ; മുററത്തു ശൃദ്ധം
മിന്നൽച്ചാർത്തി;-വിധത്തിൽബ്ഭുജപരിഘശതോ-
ദ്രിക്തമാശ്ശുക്തിയുദ്ധം ,
സന്നദ്ധാശേഷദേവപ്രമഥപൃതനയാം
പന്നഗൌഘത്തിനേറെ-
സ്സന്നതാപം ചേരുമാറാത്തലറിയടർനില-
ത്തിന്നു മദ്ധ്യേ വിളങ്ങി. വൃവൃ

ഭൂതാമർത്ത്യപ്രവീരപ്പുരിഷകളഗജാ-
മന്ദിരദ്വാരദേശ-
ത്രാതാവിൻനേക്കു താരധ്വനിമുഖരമയ-
ച്ചുന്ന ശസ്ത്രങ്ങളെല്ലാം
പാതാളം തോററ വായ്കൊണ്ടുടൻടനെ വിഴു-
ങ്ങീടുമാശ്ശുക്തികൾക്കു-
ഞ്ചാതാ,ദൈത്യാരിതൻ ചക്രവുമടർനടുവിൽ-
പ്പപ്പടപ്രായമായി! വൃൻ

നാനാശസ്ത്രങ്ങൾ തിന്നോരളവ,മരഗണ-
ശ്രേണിയെത്തന്നെ ഭക്ഷി
പ്പാനായ് വായും പിളത്തിബ്ഭയദവടിവിലാ-
ദ്ദേവിമാർ കൈത്തുടർന്നു ;
ദീനാക്രന്ദങ്ങൾ പൊങ്ങി പടയിൽ ; ഋഷിജന-
ത്തിൻെറ ഹാഹാരവത്താൽ
വാനാകെത്താൻ മുഴങ്ങി; പ്രളയമണകയാ-
യെന്നു ലോകം നടുങ്ങി. ൻ

Digitized By Kerala Sahitya Akademi

തീരെപ്പേടിച്ചരണ്ടച്യുതവലമഥനാ-
ദ്യഗ്ര്യഗീർവ്വാണർ പോലും
പാരെങ്ങും പാഞ്ഞു ഭൂതപ്പടയൊടുമിടചേ-
ർന്നാർത്തുഴന്നീടുമപ്പോൾ ,
നേരെത്താക്രോധമേന്തീടിന പുരരിപു താൻ
തന്നെയാക്രാന്ദശീക-
ന്മാരെപ്പാടേ വിലക്കി,പ്പിറകിലവരുമായ്-
ത്തത്ര പോരിന്നണഞ്ഞു. ൯൭

അന്നേരം പോയ് മറഞ്ഞീടിന സഹജകളാം
ദേവിമാർതൻ ബലം കൈ-
വന്നേറെദ്ദൃപ്തനായ്ത്തീർന്നൊരു ശിവദയിതാ-
മന്ദിരദ്വാരപാലൻ
ചെന്നേൽക്കും ദേവഭൂതപ്പടകളുഴലുമാ-
റാ നെടുംചൂരൽ മിന്നി-
ച്ചെന്നേ , ഭൂകാന്തനാകും വിധുവിനരുളിനാൻ
ഭൂസമാശ്ലേഷസൌഖ്യം ! ൯൮

ബോധം കൈക്കൊണ്ടെഴുന്നേററടനെയെതിരിട്ടും
വിഷ്ണുവോടൊത്തു വീണ്ടും ,
വൈധവ്യം പൂമകൾക്കേല്പതിനിട വരുമാ-
റങ്കമാടുന്ന ലാക്കിൽ ,
ഹാ , ധന്യശ്രീമഹേശീതനയനുടെ ശിര-
സ്സുഗ്രശൂലായുധത്താൽ
ക്രോധക്രൂരൻ മുറിച്ചിട്ടിതു , ശമനരിപു-
സ്വാമി താൻ സാഹസത്താൽ ! ൯൯

Digitized By Kerala Sahitya Akademi

ആക്രൗഞ്ജസ്സുടയ ദയിതാ-
    പുത്രനെക്കൊന്നുവീഴ്ത്തി-
ശ്ലോകസ്ഫൂർത്തിഗ്ലപിതമുഖനായ്
    നിന്നിതീശൻ മുഹൂർത്തം ;
ആകപ്പാടേ ഭുവന,മന്നേ-
    രത്തു നിശ്ശേഷചേഷ്ടാ-
വൈകല്യത്താൽ പടവിലിഖിത-
    പ്രായമായിച്ചമഞ്ഞു . ൯൪

സൂനവ്യാപാദകോപം തടവിന ശിവതൻ
    മെയ്യിൽനിന്നക്ഷണം താൻ
മാനശ്രീശക്തിസാഹസ്രകമുലകരതി-
    ജ്ഞായ്പ്പുറപ്പെട്ടു വീണ്ടും ,
വാനും മന്നും നിറഞ്ഞുൽക്കടമിളകിടവേ ,
    നിർജ്ജരർഷീന്ദ്രർ ഭക്തി-
ത്തേനൽച്ചേരും സ്തവതതിലൊരുവിധമഹിള്ളൽ-
    ക്കാന്തയെശ്ശാന്തയാക്കി . ൯൫

“എന്നാലെ,ന്നുണ്ണി ജീവിച്ചി,വനഖിലഗണാ-
    ധ്യക്ഷനായ്പ്പൂജ്യനായും
വന്നാലല്ലാതെ , പാരിന്നഴലിതൊഴികയി-
    ല്ലാ,-യതിന്നായ് ശ്രമിപ്പിൻ !”
എന്നാര്യാദേവി കല്പിച്ചതു കരൾ കുളിരെ-
    ക്കേട്ടു ദേവർഷിവൃന്ദം
ചെന്നാരാൽത്താണുണർത്തിച്ചുളവ,തിനുപദേ-
    ശിച്ചു മാർഗ്ഗം മഹേശൻ . ൯൬



Digitized By Kerala Sahitya Akademi

ദേവൻ കല്പിച്ച വണ്ണം, സുരമുനികൾ വട-
ക്കോട്ടു പോയിട്ടു മുൻകാ-
ണായ്‌വന്നോരേകദന്തദ്വിപമണിയെ വധി-
ച്ചാ, യതിന്നുത്തമാങ്ഗം
വൈവർണ്യാപേതമെത്തിച്ചു,ഗദഹിതൃകുമാ-
രന്റെ മെയ്യോടിണക്കി-
ജ്ജീവശ്രീമന്ത്രശുദ്ധോദകമുപരി തളി-
ച്ചീടിനാത്തശ്രദ്ധഹർഷം. ൯൭

ക്ഷണത്താൽ, പ്രാണൻപൂണ്ടരനുഛി,
ഗൌരീതനുജന-
ങ്ങുണർന്നേല്ക്കുംപോലേ, സസുഖമെഴു-
ന്നേററു ഗജമുഖൻ;
ഇണങ്ങീ ദിക്കെങ്ങും തെളിവു,മര-
വിദ്യാധരവധൂ-
ഗന്ധം പാട്ടും കൂത്തും മുഹുരപി മു-
തിർത്തു മുദിതമായ്. ൯൮

വൈരം വിട്ടു,യിരാർന്ന പുത്രനെ മുദാ
ലാളിച്ചിടും ദേവിതൻ
ചാരത്തെത്തു സുരർഷിമുഖ്യർ കനിയി-
ച്ചെത്തിച്ച കാമാന്തകൻ
നീരന്ധ്രാദരനാം മഹന്റെ തലയിൽ-
സ്സാനുഗ്രഹം തൃക്കര-
ത്താരർപ്പിച്ചു, ഗണേശനാക്കിയഭിഷേ-
ചിച്ചാനതുല്യോത്സവം. ൯൯

Digitized By Kerala Sahitya Akademi

സമരശിരസി ശ്രീമദ്ദേവീസൃ-
തൻ പ്രമഥിച്ചോരാ
പ്രമഥരുമുടൻ മുററം നിദ്രാവി-
മുക്തർ കണക്കിനേ,
അമരമുനിമാർ വാഴ്ത്തും മൃത്യുഞ്ജ-
യൻെറ കടാക്ഷമാ-
മമലസുധയാലുജ്ജീവിച്ചേററ-
യത്തി മഹോത്സവം. ൧൦൦

ദേവന്മാക്കും ഗണൌഘത്തിനുമിയലിന ദോ-
ഷ്പീഷ്മദപ്പം കെട്ടപ്പാ-
നീവണ്ണം ലീലയൊന്നാടിയ ഭഗവതിതൻ
പൈതൽ, വേതണ്ഡവക്ത്രൻ,
“ഏവക്കും പൂവ്വപൂജ്യൻ ജഗതി ഗണപതേ,
വിഘ്നരാജൻ ഭവാനെ”-
ന്നേവം ബ്രഹ്മാദ്യരേകും വരവുമഥ വണ-
ക്കത്തിൽ വാങ്ങിജ്ജയിപ്പൂ. ൧൦൧

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi